പ്രൊട്ടക്ഷൻ വാച്ചർമാരെ നിയമിച്ച് ഫയർലൈൻ എടുക്കൽ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയും നടത്തുന്നുണ്ട്. ബോധവത്ക്കരണ ക്ലാസ്സുകൾ, റോഡ് ഷോ, ജാഥ എന്നിവ സംഘടിപ്പിച്ചും, ബാനറുകൾ, ബോർഡുകൾ എന്നിവ സ്ഥാപിച്ചും പൊതുജനങ്ങൾക്ക് അവബോധം നൽകുകയും വഴി കാട്ടുതീ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ കാട്ടിൽ പ്രവേശിക്കുന്ന ടൂറിസ്റ്റുകളെ കർശന പരിശോധനയ്ക്ക് വിധേയമാക്കിയും, കാട്ടുതീ തടയേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ടൂറിസ്റ്റുകൾക്ക് അവബോധം നൽകുകയും ചെയ്യുന്നുണ്ട്. പ്രകൃതി പഠന ക്ലാസ്സുകളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും മറ്റു സന്നദ്ധ സംഘടനകൾക്കും ബോധവത്ക്കരണം നടത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഫയർ സീസണിൽ കാട്ടുതീ പടരുന്നതിന് സാദ്ധ്യതയുള്ള വന്യജീവി സങ്കേതങ്ങൾ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടെ നിശ്ചിത കാലാവധിവരെ അടച്ചിടാറുണ്ട്. വനാശ്രിത സമൂഹങ്ങളുടെ പങ്കാളിത്തത്തോടുകൂടി കാട്ടുതീ തടയാനുള്ള കർമ്മസേന രൂപീകരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വനമേഖലയിൽ നീരുറവകളിൽ ജലലഭ്യത നിലനിർത്താൻ തടയണ, കളം, കയ്യാല, ഗള്ളി പ്ലഗ്ഗിംഗ് എന്നിവ നിർമ്മിക്കുകയും വയൽ പരിപാലനം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വനത്തിന് അതിന്റെ സ്വാഭാവികത നിലനിർത്തുന്നതിനും മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനും ബാംബു പ്ലാന്റേഷൻ പോലുള്ള വനവൽക്കരണ പ്രവൃത്തികൾ നടത്തിവരുന്നു.

(സി) ഉണ്ട്, അനുബന്ധമായി ചേർത്തിരിക്കുന്നു.*

വനദീപ്തി പദ്ധതി

195 (4530) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി അനുസരിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വനപ്രദേശത്തും, തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളംബ്രക്കോട് എന്ന സ്ഥലത്തെ 25 ഹെക്ടർ വനപ്രദേശത്തും പൈലറ്റ് അടിസ്ഥാനത്തിൽ വനദീപ്തി പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഏകവിളത്തോട്ടങ്ങൾമൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ ഒഴിവാക്കുന്നതിലേക്കായി തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവികവനം പുനർജ്ജനിപ്പിക്കുക, ടി പ്രദേശത്തെ ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാവുക, വന്യജീവികൾക്ക് യോജിച്ച ആവാസവ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക് വനത്തെ നേരിട്ട് അറിയാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നിവയാണ് വനദീപ്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വന പ്രദേശത്തും, തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളംബ്രക്കോട് എന്ന സ്ഥലത്തെ 25 ഹെക്ടർ വനപ്രദേശത്തും പൈലറ്റ് അടിസ്ഥാനത്തിൽ വനദീപ്തി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി സ്ഥലങ്ങളിലെ അക്കേഷ്യ തോട്ടങ്ങൾ മുറിച്ചുനീക്കിയശേഷം വനദീപ്തി പദ്ധതിയിൽ ഉൾപ്പെടുത്തി ഞാവൽ, മാവ്, പ്ലാവ്, അമ്പഴം, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും കണികൊന്ന, മരുത്, മണിമരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും, തടിക്കനുയോജ്യമായ തേക്ക്, ഈട്ടി, മഹാഗണി, പൂവരശ്, കമ്പകം, കരിമരുത്, വെള്ളകിൽ തുടങ്ങിയവയും, ഔഷധസസ്യങ്ങളായ കാഞ്ഞിരം, കമ്പിൾ, വേപ്പ്, കടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കുവളം, താന്നി, അശോകം, പതിമുഖം തുടങ്ങിയവയും, ഇരുകൂടാതെ മുള, ഈറ, ചൂരൽ എന്നിവയും നട്ടുപിടിപ്പിച്ചിട്ടുണ്ട്. പത്തുപറ വനദീപ്തി പ്രദേശത്ത് ടിപ്പ് ഇറിഗേഷനും ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജില്ലാതലത്തിൽ സാമൂഹ്യവനവൽക്കരണ വിഭാഗത്തിൽ നിലവിലുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ എന്നിവരുടെ സഹായത്തോടെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേനയാണ് ടെറിട്ടോറിയൽ വിഭാഗത്തിന്റെ കൈവശമുള്ള റിസർവ് വനപ്രദേശത്ത് പൈലറ്റ് അടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിലേക്ക് ഭരണതലത്തിൽ പുതിയ സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ല.

പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടുത്തിയ സ്വകാര്യഭൂമി

196 (4531) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാതിർത്തിയോട് ചേർന്ന് കിടക്കുന്നതും, പട്ടയമുള്ളതും വർഷങ്ങളായി നികുതി ഒടുക്കി താമസിക്കുകയും കൃഷി ചെയ്തു വരുന്നതുമായ സ്വകാര്യ ഭൂമി പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടുത്തിയത് വഴി പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്വകാര്യ ഭൂമി പരിസ്ഥിതി ലോല മേഖലയിലുൾപ്പെടുത്തിയത് ഒഴിവാക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ബാക്കിയെത്രയുണ്ടെന്നും ജില്ല തിരിച്ച് പറയാമോ ;

(സി) പരിസ്ഥിതി ലോല മേഖലയിൽനിന്നും ഒഴിവാക്കി കിട്ടാൻ നിയമപരമായ അർഹതയുണ്ടെങ്കിൽ അത്തരം അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുവാനായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 10-3-2014-ലെ കരട് വിജ്ഞാപനത്തിൽ പശ്ചിമഘട്ട മേഖലയിലെ ജനതയുടെ ഉപജീവനത്തെയോ കൃഷിവൃത്തിയെയോ ബാധിക്കുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നില്ല. ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന നടപടികൾ ഒഴിവാക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിച്ചിട്ടുള്ളത്.

(ബി) സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച പഞ്ചായത്തുതല അഞ്ചംഗ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി ശിപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച കഡസ്ട്രൽ മാപ്പിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly